©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2015 സെപ്റ്റംബർ 26<br>26th September 2015<br>1191 കന്നി 10<br>10th Kanni 1191<br>1937 ആശ്വിനം 4<br>4th Aswina 1937 | നമ്പർ<br>No. 2171 |

## കേരള സർക്കാർ

<u>നിയമ (ഇ) വകുപ്പ്</u>

### വിജ്ഞാപനം

സ.ഉ.(അച്ചടിച്ചത്)നമ്പർ 18/2015/നിയമം. തിരുവനന്തപുരം, *2015 സെപ്റ്റംബർ 23 / 1191 കന്നി 7.*

ബഹു. സുപ്രീം കോടതി, സീമ Vs. അശ്വിനികുമാർ എന്ന കേസിലെ 2006 ഫെബ്രുവരി 14-ാം തീയതിയിലെ വിധിന്യായത്തിൽ [2006 (1) കെ. എൽ. റ്റി. 791 എസ്.സി.] നിർദ്ദേശിച്ചപ്രകാരം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ കേരള സർക്കാർ ഉണ്ടാക്കിയിട്ടുള്ള തിനാലും;

വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി (15-ാം ലോകസഭ) അതിന്റെ 15-ാമത് റിപ്പോർട്ടിൽ പ്രവാസി ഭാരതീയരുടെ വിവാഹത്തെ സംബന്ധിച്ച ചില വ്യവസ്ഥകൾ വിവാഹ രജിസ്ട്രേഷൻ നിയമങ്ങളിൽ ചേർക്കണമെന്ന് ശിപാർശ ചെയ്തിട്ടുള്ളതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/3731/2015/S-19.

ഇപ്പോൾ, അതിനാൽ, പ്രസ്തുത ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

## 2015-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) രണ്ടാം ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ,—

(എ) 9-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിൽ ഇപ്പോഴുള്ള വാചകത്തിനുശേഷം താഴെ പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:—

"ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പും അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും സമർപ്പിക്കേണ്ടതാണ്.";

(ബി) 11-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിലെ അവസാനത്തെ വാചകത്തിനുശേഷം താഴെപ്പറയുന്ന വാചകം ചേർക്കേണ്ടതാണ്, അതായത്:—

"ഭർത്താവ് ഒരു പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള I-ഉം III-ഉം IV-ഉം നമ്പർ ഫാറങ്ങളിൽ ചേർക്കേണ്ടതും അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പായി വിവാഹ രജിസ്റ്ററിൽ ഒട്ടിക്കേണ്ടതുമാണ്.";

(സി) ഫാറം നമ്പർ I-ൽ ക്രമനമ്പർ "3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതിയിൽ)" എന്നതിൽ, (ഇ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) ഭർത്താവ് ഒരു പ്രവാസി ഭാരതീയനാണെങ്കിൽ,—

(i) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ മേൽവിലാസം:

(ii) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ സെക്യൂരിറ്റി നമ്പർ:

(iii) പാസ്പോർട്ട് നമ്പർ: ";

(ഡി) ഫാറം നമ്പർ III-ൽ ക്രമനമ്പർ "3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദവിവരങ്ങൾ (വിവാഹ തീയതിയിൽ)" എന്നതിൽ, (ഇ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) ഭർത്താവ് ഒരു പ്രവാസി ഭാരതീയനാണെങ്കിൽ,—

(i) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ മേൽവിലാസം:

(ii) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ സെക്യൂരിറ്റി നമ്പർ:

(iii) പാസ്പോർട്ട് നമ്പർ :";

(ഇ) ഫാറം നമ്പർ IV-ൽ, "3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതിയിൽ)" എന്നതിൽ, (ഇ) ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) ഭർത്താവ് ഒരു പ്രവാസി ഭാരതീയനാണെങ്കിൽ,—

(i) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ മേൽവിലാസം:

(ii) അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസസ്ഥലത്തിന്റെ സെക്യൂരിറ്റി നമ്പർ:

(iii) പാസ്പോർട്ട് നമ്പർ: "

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനങ്ങൾ നൽകുന്ന, പ്രവാസികളായിട്ടുള്ള ഇന്ത്യാക്കാരുടെ വിവാഹ സർട്ടിഫിക്കറ്റുകളിൽ ഭർത്താവിന്റെ വിദേശത്തുള്ള താമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും ഉൾപ്പെടുത്തേണ്ടതാണെന്നും അദ്ദേഹത്തിന്റെ പാസ്പോർട്ടിന്റെ സാധുവായ ഒരു പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പായി വിവാഹ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണെന്നും വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി (15-ാം ലോകസഭ) അതിന്റെ 15-മത് റിപ്പോർട്ടിൽ സംസ്ഥാന സർക്കാരുകളോട് ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിനായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No.18/2015/Law. *Dated, Thiruvananthapuram, 23rd September, 2015 / 7th Kanni, 1191.*

Whereas, the Government of Kerala has made the Kerala Registration of Marriages (Common) Rules, 2008 as directed by the Hon'ble Supreme Court of India in its judgment dated 14th February, 2006 in *Seema* Vs. *Ashwanikumar* [2006 (1) KLT 791 SC];

AND WHEREAS, the Parliamentary Standing Committee on External Affairs (15th Lok Sabha) in its 15th Report has recommended for certain provisions relating to marriages of Non-Resident Indians to be incorporated in the Marriage Registration Laws;

NOW, THEREFORE, the Government of Kerala hereby make the following rules further to amend the said Rules, namely:—

## THE KERALA REGISTRATION OF MARRIAGES (COMMON) SECOND AMENDMENT RULES, 2015

1. *Short title and commencement.*—(1) These rules may be called the Kerala Registration of Marriages (Common) Second Amendment Rules, 2015.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(a) in rule 9, in sub-rule (1), after the existing sentence, the following sentence shall be inserted, namely:—

"Where the husband is a Non-Resident Indian, a photocopy of his valid passport and the address and security number of his foreign home shall also be submitted.";

(b) in rule 11, in sub-rule (1), after the last sentence, the following sentence shall be inserted, namely:—

"Where the husband is a Non-Resident Indian, the address and security number of his foreign home and the passport number shall also be entered in Form numbers I, III and IV appended to these Rules and a photocopy of his valid passport shall be pasted in the Register of Marriages before issuing the Marriage Certificate.";

(c) in Form No. I, in serial number "3. Details of Parties to the Marriage (As on the date of marriage)", after item (e), the following item shall be inserted, namely:—

"(ea) If the husband is a Non-Resident Indian,—

(i) Address of his foreign home:

(ii) Security number of his foreign home:

(iii) Passport number:";

(d) in Form No. III, in serial number "3. Details of Parties to the Marriage (As on the date of marriage)", after item (e), the following item shall be inserted, namely:—

"(ea) If the husband is a Non-Resident Indian,—

(i) Address of his foreign home:

(ii) Security number of his foreign home:

(iii) Passport number:";

(e) in Form No. IV, in serial number "3. Details of Parties to the Marriage (As on the date of marriage)", after item (e), the following item shall be inserted, namely:—

"(ea) If the husband is a Non-Resident Indian,—

(i) Address of his foreign home:

(ii) Security number of his foreign home:

(iii) Passport number:".

By order of the Governor,

B. G. HARINDRANATH,

*Law Secretary.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Parliamentary Standing Committee on External Affairs (15th Lok Sabha) in its 15th report has recommended the State Governments that the certificates of Non-Resident Indian marriages issued by the States must include address and security number of the foreign home of the husband along with the passport number and a copy of his valid passport shall be pasted in the Marriage Register before issuing the Marriage Certificate. In order to implement the above said recommendation, the Government of Kerala has decided to amend the Kerala Registration of Marriages (Common) Rules, 2008.

The notification is intended to achieve the above object.